പാഞ്ഞുകയറുന്നതു് അറിയാൻ ഒരു കഥാപാത്രത്തിനു ശക്തിയുള്ളതായി പ്രസ്താവിച്ചിട്ടുണ്ടു്. അതുപോലെ ഈ വൃക്ഷങ്ങളുടെ ചൈതന്യം പ്രസരിക്കുന്നതു് ഞാൻ അറിയുന്നു; എന്റെ മുമ്പിലുള്ള ദേവാലയത്തിലെ ഓരോ കരിങ്കല്ലും നിശ്ശബ്ദമാണു. എങ്കിലും ആ കരിങ്കല്ലുകൾ ഉറക്കെപ്പറയുന്നു: "ഞങ്ങൾ ഈശ്വരന്റെ ഭവനമായിത്തീർന്നു് ഈശ്വരാരാധന നിർവ്വഹിക്കുകയാണു്. സാഹിത്യവും ഇങ്ങനെയായിരിക്കണം. മൂകതയിലൂടെയുള്ള മഹാശബ്ദം. നിശ്ശബ്ദതയിലൂടെയുള്ള മഹാധ്വനി. ഈ ആഴ്ചയിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഡാ: കെ. ഭാസ്കരൻനായരുടെ ഒരു ലേഖനമുണ്ടു്. അദ്ദേഹത്തേയും വേറെ നാലുപേരേയും ഇടയാറന്മുളയിൽവച്ചു് നാട്ടുകാർ ബഹുമാനിച്ചതിന്റെ വർണ്ണനമാണു് അതിലുള്ളതു്. പക്ഷേ, അതു വായിച്ചാൽ, ഏതോ ഒരു മഹാസംഭവത്തെ വർണ്ണിക്കുകയാണെന്നു നമുക്കു തോന്നും. കുട്ടികൾ ബലൂൺ ഊതിവീർപ്പിക്കുന്നതുപോലെ ഒരു നിസ്സാരസംഭവത്തെ ലേഖകൻ ഹാസ്യോത്പാദകമായി സ്ഥൂലീകരിക്കുന്നു. മനസ്സിനു് പരിപാകം വന്നവർ ഇങ്ങനെ സ്ഥൂലീകരണത്തിൽ തൽപരരാകയില്ല. ഡോക്ടർ ഭാസ്കരൻനായർ പ്രതിഭാശാലിയാണു്. അദ്ദേഹത്തിന്റെ ഗദ്യം മനോഹരമാണു്. ആ ചേതോഹരത്വത്തെയും ഇല്ലാതാക്കുന്ന മട്ടിലാണു് ഇവിടത്തെ വാചാലതയും സ്ഥൂലീകരണവും ആജ്ജവമാ

25

ത കാര്യം. എ

സേരയോട

യനുഷ്ഠിക്കുന്നു.
1.
പകരം പടർന്നു

എന്നെ രക്ഷി
സ്ലീപിം
യടച്ചു.
ങ്കിലും."

ഗ്രാസ്സിൽ
മുഖം ഗ്രാ
ണ്ണിയുടെ വ
ച്ചു. മന്ദഹാ

വണം. ഒരു
കൊണ്ടുവരും.



## അഞ്ചിൽ ഒന്നു്

(17–ാം പേജിൽ നിന്നു തുടർച്ച)

അർഹിക്കുന്നു. അതു് മുൻപു പറഞ്ഞ വിശദാനന്ദ സ്വാമികളുടെ ജ്യേഷ്ഠസഹോദരനും, 1935–ൽ പേപ്പട്ടി കടിച്ചു് അകാല ചരമം പ്രാപിച്ച ദേഹവുമായ ഇടയാറന്മുള പി. സി. രാമൻപിള്ളയാണു്. അത്ഭുതകരമായ കവിത്വശക്തിയാൽ അനുഗൃഹീതനായിരുന്ന അദ്ദേഹം "ഭാഗ്യഹീനയായ മുല്ലവല്ലി", "ശ്രീ ചിത്രാവതാരം" എന്നിങ്ങനെ രണ്ടു് പദ്യകൃതികൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. വലിയ കഷ്ടപ്പാടുകൾ സഹിച്ചു്, നൂറോ ഇരുനൂറോ പ്രതികൾ മാത്രം അച്ചടിച്ചു്, ബന്ധുക്കളുടെയും മിത്രങ്ങളുടെയും ഇടയ്ക്കു് പാരിതോഷികങ്ങളായി വിതരണം ചെയ്ത പ്രസ്തുത കൃതികൾ ഇപ്പോൾ മഷിയിട്ടു നോക്കിയാലും കണ്ടുകിട്ടുകയില്ല. ഇതു് അദ്ദേഹത്തിനു മാത്രം ഉണ്ടായ ഭാഗ്യദോഷമല്ല. നമ്മുടെ രാജ്യത്തു് ഒട്ടധികം ഗ്രന്ഥങ്ങളുടെയും ഗതി ഇതാണു്. കുഗ്രാമങ്ങളിൽ മുൻകാലത്തു ജീവിച്ച അപ്രശസ്തരായ സാഹിത്യകാരന്മാരുടെ കൃതികൾ മാത്രമല്ല, ചിരംജീവികളെന്നു് പ്രശസ്തി നേടിയവരുടെ ഗ്രന്ഥങ്ങൾക്കും, ഇക്കാലത്തു്, ഈ ഭാഗ്യദോഷം സംഭവിച്ചുകൊണ്ടിരിക്കുകയാണു്. അച്ചടിച്ചു വെച്ചതുകൊണ്ടോ, അച്ചടിച്ചു് ഇറക്കിയതു കൊണ്ടോ, അനേകം പ്രാമാണികന്മാർ പ്രശംസിച്ചതു കൊണ്ടോ, പാഠപുസ്തകമായി അംഗീകരിച്ചതു കൊണ്ടോ, ഒരു കൃതിയും എന്നെന്നും ജീവിക്കുമെന്നു് വ്യാമോഹിക്കേണ്ടതില്ല. കാലപ്രവാഹം സകലതിനെയും നശിപ്പിക്കുന്നു. ഗ്രന്ഥകാരന്മാരുടെ കാലം കഴിഞ്ഞാൽ അവരുടെ മക്കൾക്കു പോലും അവയിൽ താല്പര്യമില്ലാതാകുന്നു. ഈ നാശധാരയിൽ, എന്നെങ്കിലും ഒരിക്കൽ ഏതെങ്കിലും ഒരു സഹൃദയനു് രസാനുഭൂതി ഉളവാക്കി എന്നതു മാത്രമാണു് ഏതു കൃതിയുടെയും വിജയത്തിന്റെ മാനദണ്ഡം. ബാക്കിയെല്ലാം ഏറിയാലും അച്ചടിക്കുവാൻ ഉപയോഗിച്ച കടലാസ്സിന്റെയും മഷിയുടെയും മേന്മയെ ആശ്രയിച്ചിരിക്കുന്നു. മുൻ പറഞ്ഞവയെ കൂടാതെ "കണ്ണുനീർക്കടൽ" എന്നൊരു കൃതിയും പി. സി. രാമൻ പിള്ള എഴുതുക

"കാർത്തു ഞാനതോർത്തു ദുഃഖിക്കുന്നു. നിന്നെ ഞാനാണു്."

"അല്ല. ഇതാണോ കാര്യം. മാഷെ, മാഷല്ലെങ്കിൽ മറെറാരാളു്. കുറച്ചുകൂടി കഴിഞ്ഞിട്ടായിരിക്കാം. അമ്മ സ്വന്തം തൊഴിൽ മകളെ ശീലിപ്പിക്കാതിരിക്കുമോ. എനിക്കു് സന്തോഷമേയുള്ളൂ. എനിയിപ്പോൾ എന്റെ മക്കൾക്കു് പണത്തിനുവേണ്ടി ഉടുതുണിയഴിക്കേണ്ട."

"എന്തോ. എനിക്കൊന്നും മനസ്സിലാവുന്നില്ല. മുക്തിയുടെ മാർഗം ഏതു്? ഈ പ്രഹേളിക..."

"എന്താ മാഷ് പറേണെ?"

"നിനക്കു് മനസ്സിലാവില്ല."

കാർത്തു ആലോചിക്കുന്നു. "മാഷെ, ഞാൻ വിളിച്ച കാര്യം പറയാം. ഞാൻ കല്യാണം കഴിക്കണോ."

"പഴയ നായർ"

"അതു സാരല്യ. അയാൾ കാർത്തുവിനെയാണു് കല്യാണം കഴിച്ചതു്. ഇപ്പോൾ മേനകേടെ കല്യാണമാണു്. മാഷെ എന്നെ കല്യാണം കഴിക്കാനാഗ്രഹിച്ചു് ഇപ്പോൾ ഒരു 'ബാങ്ക്' തന്നെ വന്നിരിക്കുന്നു. ഒരുക്കൻ വ്യവസായി. അയാളെ മാലയിട്ടു് അടങ്ങിക്കഴിഞ്ഞാലോ."

"നന്നു് കാർത്തു. കുടുംബജീവിതം അഭികാമ്യമാണു്. തൊലിയുടെ മിനുസം കുറയും മുമ്പു്."

"അതെനിക്കറിയാം." എന്നാലും മകളെ അഭിപ്രായമറിഞ്ഞിട്ടു വേണമെന്നു

